ഉത്തരം

(എ&ബി) എം.എൽ.എ. മാരുടെയും പാർലമെന്റ് അംഗങ്ങളുടെയും പ്രാദേശിക വികസന ഫണ്ടിന്റെ സഹായത്തോടെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ഏഷ്യാനെറ്റും വൈദ്യുതി ബോർഡും തമ്മിലുള്ള കരാർ

127 (1671) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഷ്യാനെറ്റും വൈദ്യുതിബോർഡും തമ്മിലുള്ള കരാർ കാലാവധിക്കുശേഷം പുതുക്കി നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ബി) നിലവിലുള്ള വ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പുതിയ വ്യവസ്ഥകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കരാറിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് ഏഷ്യാനെറ്റിൽ നിന്നും ഇതേവരെ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ ഇനത്തിൽ കുടിശ്ശികയുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) വൈദ്യുതി പോളുകൾ ഉപയോഗിക്കുന്നതിന് നിശ്ചയിച്ച തുക പുതുക്കിയിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കരാർ പുതുക്കി നൽകിയിട്ടില്ല.

(ബി) മാറ്റം വരുത്തിയിട്ടുണ്ട്. 16-10-2002, 18-10-2002 തീയതികളിൽ വിദ്യുച്ഛക്തി ബോർഡ് പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം കേബിൾ ടി. വി. ലൈൻ വലിക്കുന്നതിന് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിരിക്കുന്നു:*

(സി) 1,47,03,461 രൂപ. കൂടാതെ, കോടതി നിർദ്ദേശപ്രകാരം 2 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. 11/2002 വരെ 39,16,136 രൂപ കുടിശ്ശികയുണ്ട്. 37,70,302 രൂപ കോടതിക്കേസിൽപ്പെട്ടിട്ടുണ്ട്. 1,45,834 രൂപയ്ക്ക് രജിസ്ട്രേഡ് നോട്ടീസ് അയച്ചിട്ടുണ്ട്.

(ഇ) പുതുക്കിയിട്ടുണ്ട്. 16-10-2002-ലെ ബോർഡ്ഉത്തരവുപ്രകാരം വാർഷിക

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വാടക പോസ്റ്റ് ഒന്നിന് ഗ്രാമപ്രദേശങ്ങളിൽ 54 രൂപയും നഗര പ്രദേശങ്ങളിൽ 106 രൂപയുമായി പുതുക്കിയിട്ടുണ്ട്.

(എഫ്) പ്രസക്തമല്ല.

ലോഡ് ഷെഡ്ഡിംഗിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള പ്രാദേശിക ആഘോഷങ്ങൾ

128 (1672) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എം. മുരളി :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം മതപരമായ ആഘോഷങ്ങളോടനുബന്ധിച്ചാണ് ഈ കലണ്ടർ വർഷത്തിൽ ഇതുവരെ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം പ്രാദേശിക ആഘോഷങ്ങളോടനുബന്ധിച്ചാണ് ഈ കലണ്ടർ വർഷത്തിൽ ഇതുവരെ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ലോഡ് ഷെഡ്ഡിംഗിൽ നിന്ന് ഒഴിവ് നൽകുന്നതിനുള്ള മാനദണ്ഡമോ ഗൈഡുലൈനോ എന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ശിവരാത്രി, വിഷു, ബക്രീദ്, ഈസ്റ്റർ, പെസഹവ്യാഴം, ദുഃഖവെള്ളി എന്നീ മതപരമായ ആഘോഷങ്ങൾക്ക് ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കിയിട്ടുണ്ട്.

(ബി) ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കിയ പ്രാദേശിക ഉത്സവങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പൊതുജന താൽപ്പര്യം കണക്കിലെടുത്താണ് ലോഡ് ഷെഡ്ഡിംഗ്ഗ് ഒഴിവാക്കിയിട്ടുള്ളത്.

ചേലക്കരയിലും മുള്ളൂർക്കരയിലും നിർമ്മാണമാരംഭിച്ച 33 കെ.വി. സബ് സ്റ്റേഷനുകൾ

129 (1673) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ചേലക്കരയിലും മുള്ളൂർക്കരയിലും ഓരോ 33 കെ.വി. സബ്സ്റ്റേഷനുകൾ നിർമ്മാണം ആരംഭിച്ചശേഷം ഇപ്പോൾ സ്തംഭനാവസ്ഥയിലാകാനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly